**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** **12-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അഴിമതിയുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് തുടർനടപടിയ്ക്കായി കൈമാറാതെ ആഭ്യന്തര വകുപ്പ് തടഞ്ഞുവെച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഫയലുകൾ കൈമാറാത്തത് വിജിലൻസ് ബ്യൂറോയുടെ ദൗത്യനിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കണമെന്ന ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശയിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച ബില്ലിന്റെ കരട് കേന്ദ്രസർക്കാർ സംസ്ഥാ-നങ്ങളുടെ അഭിപ്രായത്തിനായി ലഭ്യമാക്കിയിരുന്നതും സർക്കാർ ഈ വിഷയം പരിശോധിച്ചിരുന്നതുമാണ്. സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ അഭിപ്രായം തേടുകയും, നിയമപരമായ പരിശോധന നടത്തുകയും ചെയ്തിരുന്നു. സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ങ്ങളിലെ അഴിമതി കേസുകളിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്നും പ്രതികൾ ശിക്ഷിക്കപ്പെടുന്നതിന്റെ തോത് വർദ്ധിച്ചിട്ടുണ്ടോ എന്നും, കൂടാതെ വിജിലൻസ് കമ്മീഷൻ രൂപീകരിച്ച ശേഷം നിലവിൽ അച്ചടക്ക നടപടി സ്വീകരിച്ച് വരുന്ന കേസുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുടെ ഉത്തരവാദിത്തം സംബന്ധിച്ചും വിജിലൻസ് കമ്മീഷൻ രൂപീകരിച്ച ശേഷം ലോകായുക്ത സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ചും പരിശോധന നടത്തുന്നതിന് സർക്കാർ |

| | | | |
|---|---|---|---|
| | | | തീരുമാനിക്കുക-യുണ്ടായി. ഇതിനു പുറമേ സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിനായി നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്യുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായം അറിയിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ